**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1698** **04-02-2026 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യാ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കർഷക ആത്മഹത്യ തടയുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കർഷകർക്ക് കൃഷിയിൽ നിന്നും മതിയായ വരുമാനം ഉറപ്പാക്കുന്നതിനായി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ കർഷകരുടെ വരുമാനത്തിൽ 50% വർദ്ധനവ് ഉണ്ടാക്കണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്.<br><br>ഇതിൽ സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന, കേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ കർഷകരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ബഡ്ജറ്റിൽ 2200.7691 കോടി രൂപ കാർഷിക മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിക്കായി 616.21 കോടി രൂപയും, കേന്ദ്ര പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായ 192.5 കോടി രൂപയും പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. പ്ലാൻ ഇതര ഇനത്തിൽ 1392.0591 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്ലാൻ ഇതര ഇനത്തിൽ നിന്നാണ് ഉത്പാദന ബോണസ്, സൗജന്യ വൈദ്യുതി, കർഷക പെൻഷൻ എന്നിവ നൽകുന്നത്.<br><br>കൃഷിയിൽ നിന്ന് ഉപജീവനം എന്നതിലുപരി കൃഷിയിൽ നിന്ന് സംരംഭകത്വത്തിലേക്ക് എന്ന ഉദ്ദേശത്തോടുകൂടി കർഷകരെ ശാക്തീകരിക്കുന്നതിനായി കർഷകർക്കായി പല പദ്ധതികളും സർക്കാർ നടപ്പിലാക്കി വരുന്നു.<br><br>കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാ-ധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കർഷകർക്ക് പിന്തുണ നൽകികൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ, കാർഷിക |

ആവാസ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്. ജൈവ കൃഷിയും, ഉത്തമകൃഷി രീതികളും പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിളകളുടെയും ഉത്പന്നങ്ങളുടെയും ശാസ്ത്രീയ പരിപാലനത്തിൽ ഫാം യന്ത്രവത്കരണത്തിനു പ്രാധാന്യം നൽകി വരുന്നു. കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിങ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തുകയും, ഇവയെ സംയോജിപ്പിച്ച് കൃഷി സെന്ററുകൾ വികസിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകർക്കിടയിൽ സാങ്കേതിക വിദ്യയും, ശാസ്ത്രീയ പരിപാലന രീതികളും പരിചയപ്പെടുത്തുന്നതിനും, അവലംബിക്കുന്നതിനും ഫീൽഡ് തലത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന-തിനായി പദ്ധതികൾ നടപ്പിലാക്കുന്നു.

പ്രകൃതിക്ഷോഭം, കീടബാധ, രോഗം എന്നിവ മൂലമുള്ള വിളനാശത്തിൽ നിന്ന് വിളയെ സംരക്ഷിക്കുന്നതിന് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. പ്രകൃതിക്ഷോഭം മൂലവും, വന്യജീവി ആക്രമണം മൂലവും ഉണ്ടാകുന്ന വിള നാശത്തിനു നിശ്ചിത നിരക്കുകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി പദ്ധതിയിൽ അംഗമായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. നിലവിൽ 27 വിളകൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത് പദ്ധതി പൂർണമായും ഓൺലൈൻ ആയി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിക്കൊപ്പം കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ കാലാവസ്ഥാധിഷ്ഠിതവിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു.

കർഷക സമൂഹത്തിന്റെയും, ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുന്നവരുടെയും പുരോഗതിക്കായി മനുഷ്യ വന്യജീവി സംഘർഷം ശാസ്ത്രീയമായി കൈകാര്യം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാന പദ്ധതികളിലും, കേന്ദ്രാവിഷ്കൃത പദ്ധതികളിലും ഉൾപ്പെടുത്തി സൗരോർജ വേലി, തൂക്കു സൗരോർജ വേലി, ആന കിടങ്ങുകൾ എന്നിവയുടെ നിർമ്മാണം കേരളത്തിൽ നടന്നു വരുന്നു.

കർഷകർക്ക് സുദൃഢവും, ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിന് വേണ്ടി കാർഷിക ഉത്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപന ചെയ്തതും കാര്യക്ഷമവുമായ വിപണന സംവിധാനം

ഉറപ്പുവരുത്തിയിട്ടുണ്ട്. നെല്ലിന് ഇന്ത്യയിലെ ഏറ്റവും ഉയർന്ന സംഭരണ വില (30രൂപ/kg) നൽകുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴ്ന്ന പക്ഷം ആയതിന്റെ വ്യത്യാസം ആനുകൂല്യമായി നൽകുന്നു.

കേരളത്തിന്റെ കാർഷികോല്പന്നങ്ങൾക്കും അതിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കും ആഗോളതലത്തിൽ ഒരു സുസംഘടിത വിപണന സംവിധാനം സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടി Kerala Agro Business Company (KABCO) സ്ഥാപിച്ചിട്ടുണ്ട്. അഗ്രി ബിസിനസ്സും നൈപുണ്യ വികസനവും, മൂല്യവർധിത ശൃംഖലവികസനം, കർഷകരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി കർഷക ഉല്പാദക സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് KABCO നേതൃത്വം നൽകുന്നു.

കേരളത്തിലെ മുഴുവൻ കർഷകരുടെയും ഒരു വിവരശേഖരം തയ്യാറാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കർഷക രജിസ്ട്രി തയ്യാറാകുന്നതോടെ ഭാവിയിൽ പദ്ധതികളുടെ ആനുകൂല്യങ്ങൾ വേഗത്തിലും കൂടുതൽ സുതാര്യമായും കർഷകർക്ക് നൽകാൻ കഴിയും. പലിശ രഹിത വായ്പ, കാർഷിക ഉത്പാദന ഉപാധികൾ, പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്തുള്ള നിർദേശങ്ങൾ, വിപണികളെപ്പറ്റിയുള്ള അറിവ് എന്നിവ കർഷകർക്ക് ലഭ്യമാവും.

ആവശ്യമുള്ള സമയത്തും, താങ്ങാനാവുന്ന പലിശ നിരക്കിലും ലഭിക്കുന്ന വായ്പ കർഷകരെ സംബന്ധിച്ച് ഏറ്റവും വിലപ്പെട്ട ഒന്നാണ്. കാർഷിക വായ്പയുടെ ഒഴുക്ക് ചെറുകിട നാമമാത്ര കർഷകരിലേക്കു വർധിപ്പിക്കാൻ കിസാൻ ക്രെഡിറ്റ് കാർഡ് എന്ന സംവിധാനത്തിലൂടെ കഴിയുന്നു. കാർഷിക വായ്പ ലഭ്യമാക്കുന്നതിൽ സഹകരണ മേഖല സുപ്രധാന പങ്കു വഹിക്കുന്നുണ്ട്. നെൽകൃഷിക്കായി പലിശരഹിത വായ്പകൾ സഹകരണ സ്ഥാപനങ്ങൾ നൽകുന്നുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ, വിളനാശം സംഭവിച്ച് തിരിച്ചടക്കാൻ പറ്റാത്ത കർഷകർക്കായി ആശ്വാസ നടപടികൾ കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന നടപ്പിലാക്കുന്നുണ്ട് ലോകബാങ്ക് ധനസഹായത്തോടെയുള്ള "കേരള

| | | | |
|---|---|---|---|
| | | | കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി" (കേര) ആരംഭിച്ചിട്ടുണ്ട്. ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ), ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ കൾ), സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുകയും അതു വഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) എന്ന കേന്ദ്ര പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ 2018 ഡിസംബർ മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. കാർഷിക വൃത്തി ഉപജീവന മാർഗമാക്കിയ കർഷകരുടെ ക്ഷേമത്തിനായി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും, യുവ തലമുറയെ കൃഷിയിലേക്കു ആകർഷിക്കുന്നതിനുമായി കേരള കർഷക ക്ഷേമനിധി ബോർഡ് ആരംഭിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ കേരളത്തിലെ കർഷകരെയും കാർഷിക മേഖലയെയും സംരക്ഷിക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികളും, ക്ഷേമപ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ കർഷക ആത്മഹത്യാ നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; | (ബി) | നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ആക്സിഡന്റൽ ഡെത്ത് സൂയിസൈഡ്സ് ഇൻ ഇന്ത്യ കണക്കു പ്രകാരം ദേശീയ ശരാശരിയേക്കാൾ സംസ്ഥാനത്തെ കർഷക ആത്മഹത്യാ നിരക്ക് വളരെ കുറവാണ്. |
| (സി) | 2011-2016, 2016-21, 2021-25 കാലയളവുകളിലെ കർഷക ആത്മഹത്യ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | കർഷക ആത്മഹത്യ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | വർഷം | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|
| 1 | 2011 | 19 |
| 2 | 2012 | 25 |
| 3 | 2013 | 3 |
| 4 | 2014 | 3 |
| 5 | 2015 | 8 |
| 6 | 2016 | 3 |
| 7 | 2017 | Nil |
| 8 | 2018 | 7 |
| 9 | 2019 | 15 |
| 10 | 2020 | 3 |
| 11 | 2021 | 3 |
| 12 | 2022 | 3 |
| 13 | 2023 | 9 |
| 14 | 2024 | 8 |
| 15 | 2025 | 1 |

**സെക്ഷൻ ഓഫീസർ**